*Uncorrected/Not for publication*

*22-06-2026*
*Calling Attention*

**ശ്രദ്ധക്ഷണിക്കൽ**

(1) റാന്നി നിയോജകമണ്ഡലത്തിലെ വന്യജീവി ശല്യം

ശ്രീ. പഴകുളം മധു: സർ, എന്റെ നിയോജകമണ്ഡലമായ റാന്നിയിൽ ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും ദുരിതപൂർണമായ അവസ്ഥ ഈ സഭയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ വേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം ഞാൻ അവതരിപ്പിക്കുന്നത്. വർഷം മുഴുവൻ വന്യജീവി-മനുഷ്യ സംഘർഷം നടക്കുന്ന സ്ഥലമാണ് റാന്നി. അവിടെ കൃഷി ചെയ്യാൻ സാധിക്കാതെ കൃഷിയിടങ്ങൾ പൂർണമായും ജനങ്ങൾ ഉപേക്ഷിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ ഏറ്റവും പ്രധാനമായ ഇത്തരം സംഘർഷമുള്ള സ്ഥലമായി റാന്നിയെ തിട്ടപ്പെടുത്തിയിട്ടുണ്ട്. പട്ടയഭൂമിയിലെ മരം മുറിക്കുന്നതുൾപ്പെടെ നിരവധി പ്രശ്നങ്ങളാൽ കലുഷിതമായ മനുഷ്യജീവിതങ്ങളാണ് റാന്നിയിലുള്ളത്. ശബരിമലയിൽ പോകുമ്പോഴുള്ള ഏറ്റവും പ്രധാനപ്പെട്ട ടൗണാണ് വടശ്ശേരിക്കര. അവിടെ പകൽ സമയത്തുപോലും പതിനഞ്ച് ആനകൾ കൂട്ടമായി ഇറങ്ങി ജനവാസ മേഖലകളിൽ സഞ്ചരിക്കുന്നു. വീടിന്റെ മുറ്റത്തുവന്ന് രാവിലെ ആളുകളെ വിളിച്ചുണർത്തുന്നത് ആനയാണ്. അങ്ങനെ നൂറോളം കുടുംബങ്ങൾ വടശ്ശേരിക്കരയിൽ നിന്ന് താമസം മാറിപ്പോകേണ്ട അവസ്ഥ വന്നിരിക്കുന്നു. കൃഷി പൂർണമായും നശിച്ചു. അജേഷ് എന്ന പഞ്ചായത്തു മെമ്പർ മാത്രമാണ് വടിയുമെടുത്ത് ആനയെ ഓടിക്കുന്നത്. വനപാലകർ കുറച്ചുപേരുണ്ടെങ്കിലും രാത്രികാലങ്ങളിൽ അവർക്ക് സംഭവസ്ഥലത്ത് എത്താൻ സാധിക്കുന്നില്ല. അയാൾക്ക് മാസങ്ങളായി ഉറങ്ങാൻപോലും കഴിയുന്നില്ല. ഭയവിഹിതരായ ജനങ്ങൾ രാത്രി വിളിക്കുമ്പോൾ അജേഷ് മാത്രമാണ് അവർക്ക് സഹായത്തിനായി എത്തുന്നത്. സാബു ജോസഫ് എന്ന കർഷകന് മാത്രം ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ നഷ്ടമാണ് പന്നിയും ആനയും ഇറങ്ങി കൃഷി നശിപ്പിച്ചതുമൂലം ഉണ്ടായിരിക്കുന്നത്. 2025-ൽ ഇത്തരം അക്രമങ്ങളുടെ 250 പരാതികൾ ഇവിടെയുണ്ട്. ആനയുടെ ഘ്രാണശക്തിയെക്കുറിച്ച് നമുക്കറിയാം. ഇരുപതു കിലോമീറ്റർ ദൂരംവരെ ആനക്ക് മണം പിടിച്ചെത്താൻ സാധിക്കും. വനാതിർത്തിയിൽ താമസിക്കുന്ന ജനങ്ങൾ ഇരുപത് കിലോമീറ്റർ അപ്പുറം മാത്രമേ

*22-06-2026*
*Calling Attention*

ചക്കപ്പഴം കഴിക്കാൻ കഴിയൂ എന്നു പറയാൻ കഴിയുമോ? എന്തൊരു ദയനീയമായ ജീവിതമാണിത്. കേരളത്തിന്റെ വനാതിർത്തി 11522 സ്ക്വയർ കിലോമീറ്ററാണ്. ഇത് കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 29 ശതമാനം വരും. അത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. ഒരു ആനക്കൂട്ടത്തിന് സഞ്ചരിക്കാൻ നൂറ് മുതൽ അഞ്ഞൂറ് ചതുരശ്ര കിലോമീറ്റർ വരെയുള്ള സ്ഥലം വേണം. അറുപതു മുതൽ നൂറ്റിയൊമ്പത് വരെ ചതുരശ്ര കിലോമീറ്റർ സ്ഥലം വേണം കടുവക്ക് സഞ്ചരിക്കാൻ. ഈ കണക്ക് പരിശോധിച്ചാൽ കേരളത്തിലെ ഇന്നുള്ള മൃഗങ്ങളുടെ എണ്ണം വന വിസ്തൃതിയെക്കാൾ വളരെ കൂടുതലാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിക്കണം. കേരളത്തിലെ വനത്തിന്റെ കാരിയിങ് കപ്പാസിറ്റി നിറഞ്ഞു കവിഞ്ഞിരിക്കുകയാണ്. ഇതിനെക്കാൾ അപകടകാരിയാണ് കാട്ടുപന്നി. നാട്ടിലിറങ്ങുന്ന ഒരു കാട്ടുപന്നി പ്രസവിച്ചാൽ പതിനഞ്ച് കുട്ടികളാണ് ഒരു പ്രസവത്തിലുണ്ടാകുന്നത്. നാട്ടിലാണെങ്കിൽ ഇതിൽ പതിനഞ്ചും ജീവിക്കും. കാട്ടിലാണെങ്കിൽ പന്ത്രണ്ടും മറ്റു മൃഗങ്ങളുടെ ആക്രമണത്താൽ നഷ്ടപ്പെട്ട് ഒന്നോ രണ്ടോ എണ്ണം മാത്രം അവശേഷിക്കും. വടശ്ശേരിക്കരയിലും റാന്നിയിലും പെരുനാടും നാരായണൻമുഴിയിലുമൊക്കെ ജനങ്ങളെക്കാൾ കൂടുതൽ പന്നികളാണ്. ജനങ്ങൾക്ക് ജീവിക്കാൻ യാതൊരു മാർഗ്ഗവുമില്ല. പന്നിയെ കൊല്ലാൻ ഇപ്പോൾ നിയമവും വ്യവസ്ഥകളുമുണ്ട്. പക്ഷേ അതിലൊക്കെ ഇളവ് അനുവദിക്കണം. ഒരു ഡ്രൈവ് നടത്തി, ജനങ്ങൾക്ക് ഭീഷണിയുയർത്തികൊണ്ട് നാട്ടിലിറങ്ങി വിലസുന്ന പന്നികളെ ജനങ്ങൾക്കുതന്നെ ഏത് വിധേനയും കൊല്ലാൻ കഴിയുന്ന ഒരു നിയമവും വ്യവസ്ഥയുമുണ്ടാക്കണം. ഗൺ ലൈസൻസ് വനാതിർത്തിയിൽ താമസിക്കുന്ന ജനങ്ങൾക്ക് നൽകാനുള്ള അനുമതിയുണ്ടാകണം. വന്യമൃഗ ശല്യം രൂക്ഷമായ റാന്നി, വടശ്ശേരിക്കര, പെരുനാട്, നാരായണമുഴി, കുടപുരട്ടി, കൊച്ചുകുളം, തുലാപ്പള്ളി, ഉലകക്കുന്നുമല എന്നീ പ്രദേശങ്ങളിലെല്ലാം ജനങ്ങൾ ഭീതിയിലാണ്. ആന, കാട്ടുപന്നി, മ്ലാവ്, മലയണ്ണാൻ, മുള്ളൻപ്പന്നി, മയിൽ എന്നിവയെല്ലാം ജനങ്ങൾക്ക് ശല്യമായി മാറിയിരിക്കുകയാണ്. മയിലിന്റെ നൃത്തം വളരെ മനോഹരമാണ്. പക്ഷേ മൂന്ന്

*22-06-2026*
*Calling Attention*

നാല് മയിലുകൾ വീട്ടു മുറ്റത്തുവന്ന് ഒന്നിച്ചു നൃത്തം ചെയ്ത് അടുക്കളയിൽ കയറി ആഹാരസാധനങ്ങൾ എടുത്തുകൊണ്ടുപോയാൽ മനുഷ്യർ എങ്ങനെ ജീവിക്കും? പ്രധാനമായും പ്രകൃതിദത്ത ഭക്ഷണസ്രോതസ്സുകളുടെ കുറവ് വനത്തിലുണ്ട്. പ്രത്യേകിച്ച് Ochalandra travancorica എന്ന ശാസ്ത്രീയ നാമത്തിലറിയപ്പെടുന്ന ഈറ്റയുടെ വംശനാശം, വേനൽക്കാലത്തെ ജലക്ഷാമം, വനാതിർത്തികളിൽ പൈനാപ്പിളും പ്ലാവുകളുമുള്ളതുകൊണ്ട് ആനകൾ മണംപിടിച്ച് നാട്ടിലേക്കിറങ്ങുന്നതടക്കം ധാരാളം പ്രശ്നങ്ങളിവിടെയുണ്ട്. ഇതിനേക്കാൾ ഭീകരമാണ് തെരുവുനായ ശല്യം. പെരുനാട് എന്ന സ്ഥലത്ത് പാൽ വാങ്ങാൻ പോകുന്ന വഴിക്ക് അഭിരാമി എന്ന പെൺകുട്ടിയെ തെരുവുനായ ക്രൂരമായി കടിച്ച് കൊന്നത് ദേശീയതലത്തിൽ വലിയ ചർച്ചയായ സംഭവമാണ്. അതിന്റെയടിസ്ഥാനത്തിൽ സുപ്രീംകോടതി തെരുവുനായ്ക്കൾക്ക് ദയാവധം വിധിച്ച ഒരു സ്ഥലമാണ് റാന്നി. ആ സ്ഥലത്താണ് അഭിരാമിയുടെ അമ്മ രജനി കഴിഞ്ഞ ദിവസം ഉണർന്നെണീറ്റ് നോക്കിയപ്പോൾ ഒരു ആന വീട്ടുമുറ്റത്ത് നിൽക്കുന്നത് കണ്ടത്. ഒരു കുടിലിലാണ് അവർ താമസിക്കുന്നത്. മനുഷ്യർ എങ്ങനെ അവിടെ ജീവിക്കും? സുപ്രീംകോടതിയിൽനിന്ന് ഒരു അനുകൂലവിധി ആ പാവങ്ങൾക്ക് ലഭിച്ചത് അഡ്വക്കേറ്റ് വി. കെ. ബിജു എന്ന അഭിഭാഷകൻ ഡൽഹിയിലുള്ളതുകൊണ്ടാണ്. നാട്ടിലിറങ്ങി വിഹരിക്കുന്ന, ജനജീവിതം ദുഃസ്സഹമാക്കുന്ന പന്നികൾക്കും തെരുവുനായ്ക്കളെപ്പോലെ ദയാവധം കൽപ്പിക്കാനുള്ള ഒരു നിയമമോ വ്യവസ്ഥയോ നമ്മുടെ നാട്ടിലുണ്ടാകണം. ഇത്തരത്തിൽ ധാരാളം കാര്യങ്ങൾ വനംവകുപ്പുമന്ത്രിക്ക് ചെയ്യാൻ സാധിക്കും. അദ്ദേഹത്തെ എനിക്ക് വലിയ വിശ്വാസമാണ്. കാരണം അദ്ദേഹം 'കേരള കിസിഞ്ചർ' എന്നറിയപ്പെട്ടിരുന്ന ബേബി ജോണിന്റെ മകനാണ്, ശക്തനാണ്. കേരളത്തിൽ ഇതുവരെയുണ്ടായിട്ടുള്ള വനം വകുപ്പുമന്ത്രിമാരിൽ ജനങ്ങൾ ഏറ്റവും പ്രതീക്ഷയർപ്പിക്കുന്ന മന്ത്രി ശ്രീ. ഷിബു ബേബി ജോൺ ആണ്. അദ്ദേഹത്തിന്റെ കാലത്തെങ്കിലും ഒരു സാറ്റലൈറ്റ് റാപ്പിഡ് റെസ്പോൺസ് ടീമിനെ വടശ്ശേരിക്കരയിൽ നിയോഗിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഭൂമിശാസ്ത്രപരമായി പരിശോധിച്ചാൽ കോന്നിയിലേക്കും സമീപ

വനപ്രദേശങ്ങളിലേക്കുമെല്ലാം അവർക്ക് പോകാൻ കഴിയും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ദയവായി പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. പഴകുളം മധു: സർ, വളരെ പ്രധാനപ്പെട്ട ഒന്നുരണ്ട് പോയിന്റുകൾകൂടി പറഞ്ഞ് അവസാനിപ്പിക്കാം. അതുപോലെ അവിടെ വനപാലകരുടെ രാത്രികാല നിരീക്ഷണം ശക്തിപ്പെടുത്തണം, വനപാലകരുടെ കുറവ് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. മറ്റൊരുകാര്യം, വനത്തിനുള്ളിൽ തേക്ക് പ്ലാന്റേഷനുള്ള ചില സ്ഥലങ്ങളുണ്ട്, അവിടെയുള്ള ഫെൻസിങ് ആന മറിച്ചിടുന്നില്ല. കാരണം അവിടെയുള്ള ഒരു ഫെൻസിങുപോലും നശിപ്പിക്കാതിരിക്കാൻ വനപാലകർ നിതാന്ത ജാഗ്രതയിലാണ്. എന്നാൽ ജനവാസ മേഖലയിൽ മുഴുവൻ ഫെൻസിങും ആന ചവിട്ടി നശിപ്പിച്ചുകളയുകയാണ്. അതുകൊണ്ട് ട്രഞ്ചോ ഹാങ്ങിങ് ഫെൻസിങോ സ്ഥാപിക്കുന്നതാണ് ഏറ്റവും ഫലപ്രദം. ആ രീതി പരിഗണിക്കണം. ട്രഞ്ച്, ഹാങ്ങിങ് ഫെൻസിങ്, വനപാലകരുടെ ജാഗ്രത വർധിപ്പിക്കൽ, അവർക്കാവശ്യമായ ഗൺ, വാഹനം, ജീവനക്കാരുടെ നിയമനം എന്നിവ നടപ്പാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ കാണിക്കണമെന്ന് അഭ്യർഥിക്കുന്നു. അതുകൊണ്ട് ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ വനംവകുപ്പിന് അനുവദിച്ച തുക വർധിപ്പിച്ച് ഭീതിയിൽ കഴിയുന്ന ജനങ്ങളുടെ ജീവിതം രക്ഷപ്പെടുത്തണമെന്നാണ് എനിക്ക് അദ്ദേഹത്തോട് അഭ്യർഥിക്കാനുള്ളത്. ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലയായ കൊല്ലം ജില്ലയിലെ ആര്യങ്കാവ് കടമാഞ്ചിറയിൽ മൂന്ന് കിലോമീറ്റർ ചുറ്റളവിൽ സൗരോർജ്ജ വേലിയുള്ള സ്ഥലത്ത് ആന ഇറങ്ങുന്നേയില്ലെന്ന് മാതൃഭൂമി ചാനൽ റിപ്പോർട്ട് ചെയ്തിരുന്നു. ജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ജാഗ്രതകൊണ്ടുമാത്രമല്ല, വനാതിർത്തിയിലുള്ള റോഡുകളിൽ കാട് വെട്ടാൻ ശക്തമായ നടപടി സ്വീകരിക്കുന്നതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. വനാതിർത്തിയിലുള്ള റോഡുകളിൽ ഭീകരമാംവിധം വളർന്നിരിക്കുന്ന കാട് വെട്ടാൻ വനം വകുപ്പിന് സംസ്ഥാന സർക്കാർ പ്രത്യേക ഫണ്ട് അനുവദിച്ചില്ലെങ്കിൽ അവിടെ ജീവിക്കുന്ന മുഴുവൻ മനുഷ്യരും പലായനം ചെയ്യേണ്ടി വരും. ഇത് ഭീതികരമായ സാഹചര്യമാണ്.

ഇപ്പോൾതന്നെ പട്ടയഭൂമിയിൽ മരം മുറിക്കാൻ കഴിയുന്നില്ല. പട്ടയഭൂമിയിൽ നട്ടുവളർത്തിയ മരം മുറിച്ചുവിറ്റ് സ്വന്തം കുഞ്ഞിന്റെ ചികിത്സ നടത്താനോ ആശുപത്രിയിൽപോകാനോ സ്കൂളിൽ വിടാനോ കഴിയാത്ത ദുരവസ്ഥയാണുള്ളത്. ഇത്തരം കാര്യങ്ങളിലെല്ലാം ശക്തമായ നിയമനിർമ്മാണം നടപ്പാക്കണം. ദേശീയരംഗത്തുതന്നെ മാതൃകയാകുന്ന പല നിയമങ്ങളും പാസ്സാക്കിയിട്ടുള്ള ഒരു സഭയാണിത്. ഈ സഭ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട റാന്നി അംഗത്തിന്റെ ആശങ്ക ഗവൺമെന്റ് ഉൾക്കൊള്ളുന്നു. പക്ഷെ ഞാൻ പരിശോധിച്ചപ്പോൾ കേരളത്തിന്റെ സ്ഫോടനാത്മകമായ അന്തരീക്ഷത്തിൽ താരതമ്യേന വന്യമൃഗശല്യം കുറവുള്ളത് റാന്നിയിലാണ്, കുറേയധികം പ്രതിരോധ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതും റാന്നിയിലാണ്. അവിടെ 38.35 കിലോമീറ്റർ സോളാർ ഫെൻസിങ് ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലാകെ വനാതിർത്തി പങ്കിടുന്ന 73 മണ്ഡലങ്ങളുള്ളതിൽ 28 ആർ.ആർ.റ്റി.(റാപ്പിഡ് റെസ്പോൺസ് ടീം)-കളേയുള്ളൂ. അതിലൊന്ന് റാന്നിയിലാണ്, 24 മണിക്കൂറും പ്രവർത്തിക്കുന്ന ആർ.ആർ.റ്റി.യാണത്. ഒളികല്ല്, കുമ്പളത്താമൺ, മുക്കുഴി എന്നീ മേഖലകൾക്കായി സാറ്റലൈറ്റ് ആർ.ആർ.റ്റി-കൾ പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യൽ ടാസ്ക് ഫോഴ്സിനെയും നിയോഗിക്കാറുണ്ട്. ഇതെല്ലാമാണെങ്കിലും അദ്ദേഹം വളരെ പ്രസക്തമായ ഒരുപാട് വിഷയങ്ങൾ ഉന്നയിച്ചു. ശ്രദ്ധക്ഷണിക്കലിനുള്ള മറുപടിയായി അതിലേക്ക് ഞാൻ കടക്കുന്നില്ല. തുടർന്നുള്ള ദിവസങ്ങളിൽ അത് വ്യക്തമാക്കാവുന്നതാണ്. കേരളത്തിന്റെ ദേശീയപാത കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ പരിശോധിക്കുകയാണെങ്കിൽ 600 കിലോമീറ്ററേയുള്ളൂ. എന്നാൽ കേരളത്തിന്റെ മൊത്തം വനാതിർത്തി 11000-ലധികം കിലോമീറ്ററും അതിൽ കേരളത്തിനുള്ളിലുള്ളത് 6000-ൽപ്പരം കിലോമീറ്ററുമാണ്. അവിടെ വളരെ പരിമിതമായ സൗകര്യങ്ങളിലാണ് ഫോറസ്റ്റ് ഉദ്യോഗസ്ഥർ പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഇത്രയും വനാതിർത്തി സംരക്ഷിക്കാനുതകുന്ന ഫണ്ടോ മറ്റ് കാര്യങ്ങളോ കൃത്യമായി നൽകിയിട്ടില്ല.

അദ്ദേഹം സംസാരിച്ചപ്പോൾ വടശ്ശേരിക്കരയിൽ സ്ഥിരമായി 18 ആനകളുണ്ടെന്നുള്ള പരാമർശം നടത്തി. എന്നാൽ എനിക്ക് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കാനുള്ളത്, ആനകളെ അപ്പോൾതന്നെ തുരത്തിയിട്ടുണ്ടെന്നും നിലവിൽ ആ പ്രദേശത്ത് ആനയില്ലെന്നുമാണ്. ഇവിടെ കർഷകരെ സംബന്ധിച്ചിടത്തോളം അവർ നേരിടുന്ന പ്രതിസന്ധി അതിരൂക്ഷമാണ്. സർക്കാരിന് ഒരു പുതിയ നയം നടപ്പാക്കേണ്ടതുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് കർഷകന്റെ ശത്രുവല്ല, കർഷകരുടെ സഹകരണത്തോടുകൂടി ഇക്കാര്യങ്ങളെല്ലാം നടപ്പാക്കണം. കേരളത്തിലാകെ 2000-ത്തോളം കിലോമീറ്ററും റാന്നിയിൽ 37 കിലോമീറ്ററും സോളാർ ഫെൻസിങ് സ്ഥാപിച്ചിട്ടുണ്ട്. പലപ്പോഴും എന്താണ് സംഭവിക്കുന്നത്? പരിമിതമായ സൗകര്യങ്ങളിൽനിന്ന് പ്രവർത്തിച്ചിരുന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം രണ്ടായിരത്തിൽപ്പരം കിലോമീറ്റർ സോളാർ ഫെൻസിങിന്റെ മെയിന്റനൻസ് നടത്താൻ അസാധ്യമായ സാഹചര്യങ്ങളുണ്ടായി. എല്ലാത്തിനും അവരെ കുറ്റംപറഞ്ഞിട്ട് കാര്യമില്ല. അതുകൊണ്ട് പുതിയൊരു മോഡൽ എന്ന രീതിയിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ആവശ്യമായ അസറ്റ് നൽകിക്കൊണ്ട് നല്ല അയൽക്കാരെന്ന നിലയിൽ പഞ്ചായത്തും തൊട്ടടുത്ത് താമസിക്കുന്ന കർഷകരും സഹകരിച്ചുകൊണ്ട് അതിന്റെ മെയിന്റനൻസ് നടത്തുന്നതടക്കമുള്ള കാര്യങ്ങൾ ആലോചിക്കുന്നുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഞാൻ ഒരു കാര്യം ചോദിക്കട്ടെ, മൂന്ന് സംസ്ഥാനങ്ങൾ ചേരുന്ന ട്രൈ ജങ്ഷനുണ്ട്. സംസ്ഥാനത്തിന്റെ കാര്യം മാത്രം നോക്കുമ്പോൾ ഈ വന്യമൃഗങ്ങൾ മറ്റ് സ്ഥലങ്ങളിലേക്ക് മാറുകയും നമ്മുടെ ആളുകൾ സർവൈലൻസിൽനിന്ന് മാറുമ്പോൾ ഇതെല്ലാം വീണ്ടും തിരിച്ചുവരികയുമാണ് ചെയ്യുന്നത്. അതുപോലുള്ള ക്രിട്ടിക്കൽ പോയിന്റുകൾ കണ്ടെത്തി നടപടിയെടുക്കുന്നതിനെക്കുറിച്ച് വളരെ വിശദമായി ആലോചിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, റാന്നിയിലെ വിഷയമായതിനാലാണ് ഞാൻ മറ്റ് വിശദാംശങ്ങളിലേക്ക് കടക്കാത്തത്. പ്രത്യേകിച്ച് ഈ പ്രശ്നമുള്ളത് വയനാട്ടിലാണ്.

അതിരൂക്ഷമായ വിഷയമാണിത്. വയനാടിനെ സംബന്ധിച്ചിടത്തോളം ഇതിനകംതന്നെ ക്യാരിയിങ് കപ്പാസിറ്റി പഠിക്കാനുള്ള തീരുമാനം കൈക്കൊള്ളുകയും ഡെറാഡൂൺ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വൈൽഡ് ലൈഫ് ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. നമ്മുടെ പക്കൽ ഇതു സംബന്ധിച്ച ഒരു ശാസ്ത്രീയ പഠനവും ഇല്ലായിരുന്നു എന്ന നിർഭാഗ്യകരമായ അവസ്ഥയുണ്ട്. മൃഗങ്ങളുടെ എണ്ണപ്പെരുപ്പമാണോ കാരണം എന്നതിനെ സംബന്ധിച്ച് രണ്ട് കണക്കുകൾ സർക്കാരിന്റെ കൈവശമുണ്ട്. ആനയുടെ എണ്ണം ക്രമാതീതമായി കൂടിയ ഒരു കണക്കുണ്ട്. അന്വേഷിച്ചപ്പോൾ അത് കേന്ദ്രത്തിന് കൊടുക്കാൻവേണ്ടിയായിരുന്നു അന്ന് തയ്യാറാക്കിയതെന്നും അതിൽ കുറവാണെന്നും പറയുന്ന കണക്കുകളുണ്ട്. ശാസ്ത്രീയമായ വിഷയങ്ങളെല്ലാം പഠിച്ചേ മതിയാകൂ. വന്യജീവി സംരക്ഷണ നിയമപ്രകാരം ഷെഡ്യൂൾ 2-ലാണ് പന്നിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. വെള്ളക്കരങ്ങ് ഷെഡ്യൂൾ 1-ലാണ്. അതിന് അതിന്റേതായ പരിമിതിയുണ്ട്. കാട്ടുപന്നികളെ സംബന്ധിച്ചിടത്തോളം സർക്കാരിന് നിലവിലെ നിയമത്തിനുള്ളിൽനിന്നുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റുമാരെ ഓണററി വൈൽഡ് ലൈഫ് വാർഡനായി പ്രഖ്യാപിച്ച് അധികാരം കൊടുക്കുകയും അവരുടെ കീഴിൽ ഷാർപ്പ് ഷൂട്ടേഴ്സിനെ എൻലിസ്റ്റ് ചെയ്ത് അവർ വഴി കാട്ടുപന്നിയെ കൊല്ലാനുള്ള അനുമതി കൊടുക്കുകയും ചെയ്തിരുന്നു. ലഭിച്ചിരിക്കുന്ന കണക്കനുസരിച്ച് അമ്പതിനായിരം കാട്ടുപന്നികളാണ് വനത്തിന് പുറത്തുള്ളത്. അദ്ദേഹം സൂചിപ്പിച്ചതുപോലെ വനത്തിനുള്ളിലാണെങ്കിൽ ഇതിനൊരു പ്രിഡേറ്റർ ഉണ്ട്. നാട്ടിലേക്കിറങ്ങുമ്പോൾ പ്രിഡേറ്റർ ഇല്ലാത്തതുകൊണ്ട് ഇതിന്റെ എണ്ണം വല്ലാതെ പെരുകുന്നു. അതുകൊണ്ടുതന്നെ അതിനെ കൊല്ലാനുള്ള ഒരു ഡ്രൈവ് തീരുമാനിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ ഇതെല്ലാം ചെയ്തെങ്കിലും പല പഞ്ചായത്തുകളിലും ഒരു ഷൂട്ടർപോലുമില്ലാത്ത അവസ്ഥയുണ്ട്. പിന്നെ എങ്ങനെ ഇത് ചെയ്യാൻ സാധിക്കും? അതിനാൽ ഷൂട്ടർമാരില്ലാത്ത പഞ്ചായത്തുകളിൽ നിലവിലുള്ള ഷൂട്ടർമാരെ ഡിവൈഡ് ചെയ്ത് കൊടുത്ത് നിലവിലുള്ള നിയമത്തിനുള്ളിൽനിന്നുകൊണ്ട് കാട്ടുപന്നികളെ കൊല്ലാനുള്ള ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്. ജൂൺ 15 മുതൽ 30

വരെ റീലൊക്കേറ്റ് ചെയ്യുന്നതും റീഡിസ്ട്രിബ്യൂട്ട് ചെയ്യുന്നതുമായ പ്രക്രിയയാണ്. അതിനുശേഷം ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ആ കാര്യങ്ങളുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകാൻ സാധിക്കും. ജൂൺ 15-ാം തീയതി മുതൽ ഇന്നുവരെ ഏകദേശം 225 പന്നികളെ കൊന്നതായാണ് എനിക്ക് ലഭിച്ചിരിക്കുന്ന റിപ്പോർട്ട്. പിന്നെ അദ്ദേഹം മരവുമായി ബന്ധപ്പെട്ട വിഷയം സൂചിപ്പിച്ചു. പട്ടയഭൂമിയുടെ വിഷയം വനംവകുപ്പിന്റെ അധികാരപരിധിയിൽ വരുന്നതല്ല. നിരവധി പരാതികളുള്ളതുകൊണ്ട് ആ വിഷയം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യാം. നിലവിൽ നിയമസഭാ സമ്മേളനം നടക്കുന്നതുകൊണ്ടാണ് റാന്നിയിലേയ്ക്ക് പോകാൻ സാധിക്കാത്തത്. ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത് വരുംദിവസങ്ങളിൽതന്നെ റാന്നി നിയോജകമണ്ഡലത്തിലെയും പത്തനംതിട്ട ജില്ലയിലെ മറ്റ് വിഷയങ്ങളെയും സംബന്ധിച്ച് ചർച്ച ചെയ്യാൻ നേരിട്ട് പോകുന്നതായിരിക്കും. കൂടുതൽ പ്രശ്നങ്ങൾ അവിടെ പരിഹരിക്കാൻ പരിശ്രമിക്കുന്നതാണ്.

<u>ശ്രീ. പഴകുളം മധു</u>: സർ, ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രിയുടെ മറുപടി വളരെ ആവേശകരമാണ്. അദ്ദേഹം ഇത്തരം കാര്യങ്ങൾ ഗഹനമായി പഠിക്കുകയും കാര്യക്ഷമമായ ഇടപെടൽ നടത്തുകയും ചെയ്യുന്നുണ്ട്. പക്ഷെ അദ്ദേഹത്തിന്റെ അധികാരപരിധിക്ക് പുറത്തുള്ള ആവശ്യങ്ങളുമുണ്ട്. പ്രത്യേകിച്ച് ഇതിനാവശ്യമായ ഫണ്ട്, കൂടാതെ ഗൺ, വാഹനം, ഓഫീസ് എന്നിവ ലഭ്യമാക്കൽ തുടങ്ങിയവയിൽ ധാരാളം പ്രശ്നങ്ങളുണ്ട്. വയർലെസ് സെറ്റ്, സെർച്ച് ലൈറ്റ്, ടോർച്ച്, ഹെഡ് ലാമ്പ്, ഡ്രോൺ, ട്രയാംഗുലൈസേഷൻ അനുബന്ധ ഉപകരണങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, ഗംബൂട്ട്, വന്യജീവി നിയന്ത്രണ ഉപകരണങ്ങൾ, ബോക്സ് സൈറൺ, കമ്പ്യൂട്ടർ, പ്രിന്റർ ഇത്തരം കാര്യങ്ങൾക്കാവശ്യമായ ഫണ്ട് വനംവകുപ്പിന് ലഭ്യമാകുമെങ്കിൽ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി റാന്നി സന്ദർശിക്കുമെന്ന് പറഞ്ഞതിനെ ഞാൻ വളരെ സന്തോഷപൂർവം സ്വാഗതം ചെയ്യുന്നു. വനത്തിന്റെ ക്യാരിയിങ് കപ്പാസിറ്റിയെ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി വന്യമൃഗത്തിന്റെ എണ്ണവും വനഭൂമിയും തമ്മിലുള്ള സന്തുലിതാവസ്ഥ വിലയിരുത്താൻ

സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന ചോദ്യമാണ് എനിക്കുള്ളത്.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഞാൻ ആദ്യം പറഞ്ഞു, ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട ഏറ്റവും രൂക്ഷമായ പ്രതിസന്ധിയുള്ള മേഖല വയനാടാണ്. അവിടെ ക്യാരിയിങ് കപ്പാസിറ്റി നടത്തുന്നതിനുള്ള തീരുമാനമെടുത്തുകഴിഞ്ഞിട്ടുണ്ട്. അദ്ദേഹം അടുത്തതായി സൂചിപ്പിച്ചത് ഫണ്ടിന്റെ കാര്യമാണ്. ഈ ഗവൺമെന്റാണ് ആദ്യമായി ഇത്തരമൊരു സിസ്റ്റം കൊണ്ടുവരുന്നത്. 192 കോടി രൂപയാണ് വന്യമൃഗശല്യം നേരിടാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കൂടിയായ മുഖ്യമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചത്. ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് അത് പര്യാപ്തമാകും. അതുപയോഗിച്ച് കൂടുതൽ ആർ.ആർ.റ്റി.-കൾ രൂപീകരിക്കുന്നതുൾപ്പെടെ എല്ലാ നവീകരണവും നടത്തേണ്ടതുണ്ട്. അതിന് പര്യാപ്തമായ ഫണ്ട് ഇപ്പോൾ ബജറ്റിലുണ്ട് എന്നുകൂടി അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

### (2) തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾ

ശ്രീ. എൻ. കെ. അക്ബർ: സർ, വളരെ ഗൗരവമേറിയൊരു വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. തൊഴിലാളികളുടെ അവകാശങ്ങൾ ഹനിക്കുന്നതിന് നിലവിലുള്ള 29 നിയമങ്ങൾ റദ്ദ് ചെയ്തുകൊണ്ടാണ് നാല് ലേബർ കോഡുകൾ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയത്. 1923 മുതൽ 2008 വരെയുള്ള വിവിധ നിയമങ്ങൾ റദ്ദ് ചെയ്തുകൊണ്ടാണ് The Code on Wages, 2019, The Industrial Relations Code, 2020, The Occupational Safety, Health and Working Conditions Code, 2020, The Code on Social Security, 2020 എന്നിങ്ങനെയുള്ള നാല് കോഡുകൾ നടപ്പിലാക്കുന്നതിനുള്ള തീരുമാനം കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. The Code on Wages, 2019-ൽ നിലവിലെ ലിവിങ് വേജ്, ഫെയർ വേജ്, മിനിമം വേജ് എന്നീ മൂന്നതരം വേതനത്തിനുപരിയായി ഫ്ലോർ വേജ് എന്ന പുതിയ വേതന രീതികൂടി മിനിമം വേതനത്തിനുതാഴെ പുതിയ കോഡ് ഓൺ വേജസിലുൾപ്പെടുത്തിയിരിക്കുന്നു. ഒരു കുടുംബത്തിന് 7500 കലോറി ഊർജത്തിനാവശ്യമായ ഭക്ഷ്യധാന്യത്തിന്റെ വില, ഈ

കുടുംബത്തിന് ഒരു വർഷം ധരിക്കാനാവശ്യമായ 72 മീറ്റർ കോറ തുണി, താമസിക്കാനായി ഒരു കുടിലിന്റെ വാടക എന്നിങ്ങനെ 1957-ൽ മിനിമം വേതനത്തിൽ നിർണ്ണയിക്കപ്പെട്ട മാനദണ്ഡങ്ങൾ അതേപടി ഈ കോഡിൽ ആവർത്തിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ തീരുമാനിക്കപ്പെടുന്ന മിനിമം വേതനത്തിന് താഴെയാണ് ഫ്ലോർ വേജ് എന്ന പുതിയ വേതന രീതികൂടി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 43-ൽ ജീവിക്കാനാവശ്യമായ വേതനം ഏതൊരു തൊഴിലാളിക്കും നൽകിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന രാജ്യത്താണ് ഈ നിയമം നടപ്പിലാക്കുന്നത്. അതുപോലെയാണ്, തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർ പദവിക്കുപകരം ഫെസിലിറ്റേറ്റർ എന്നാക്കി മാറ്റിയിരിക്കുന്നു. ഇതുപ്രകാരം സ്ഥാപനങ്ങളിൽ പരിശോധിക്കാനുള്ള അധികാരം ഇൻസ്പെക്ടർമാരിൽനിന്നും എടുത്തുകളഞ്ഞ് അവരെ കേവലം ഉപദേഷ്ടാക്കളാക്കി മാറ്റിയിരിക്കുന്നു. തൊഴിലാളികളെ അൺസ്കിൽഡ്, സെമിസ്കിൽഡ്, ഹൈലി സ്കിൽഡ് എന്നിങ്ങനെ തിരിച്ചിരിക്കുന്ന ഈ കോഡുപ്രകാരം മറ്റെല്ലാ തസ്തികകളും നീക്കം ചെയ്തിരിക്കുകയാണ്. മിനിമം വേതനം ബാധകമാകുന്ന വ്യവസായങ്ങളെ 'ഷെഡ്യൂൾഡ് ഇൻഡസ്ട്രി' എന്നത് നീക്കം ചെയ്തിരിക്കുന്നതിനാൽ വൻകിട വ്യവസായങ്ങളും ഈ മിനിമം വേതനം നൽകിയാൽ മതിയെന്ന സ്ഥിതിയിലേക്ക് എത്തിയിരിക്കുന്നു.

The Industrial Relations Code, 2020 പ്രകാരം തൊഴിലാളി യൂണിയൻ രജിസ്റ്റർ ചെയ്യണമെങ്കിൽ മാനേജ്മെന്റിന്റെയും സർക്കാരിന്റെയും അനുമതി വേണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അതോടൊപ്പം ട്രേഡ് യൂണിയനുകളും ഓഫീസുകളും റിക്കോർഡുകളും ഏതുസമയത്തും പരിശോധിക്കാനും ട്രേഡ് യൂണിയനുകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാനുമുള്ള അധികാരം സർക്കാർ കൈയടക്കുകയും ചെയ്തിരിക്കുന്നു. സ്ത്രീ തൊഴിലാളികളുടെ ജോലി സമയസംരക്ഷണ വ്യവസ്ഥ എടുത്തുമാറ്റപ്പെടുന്നു. സമരങ്ങൾക്കും പണിമുടക്കുകൾക്കും വിലക്ക് ഏർപ്പെടുത്തുന്നു. പണിമുടക്കിയാൽ ജാമ്യമില്ലാത്ത വകുപ്പുപ്രകാരം കേസ് എടുക്കുന്നതിനുള്ള അധികാരം നൽകിയിരിക്കുന്നു. ഇതുപ്രകാരമാണ് നോയിഡയിൽ തൊഴിലാളികളെ വേട്ടയാടി ജയിലിലടച്ചത്. സ്ഥിരം തൊഴിൽ എന്ന വ്യവസ്ഥ ഒഴിവാക്കി ഫിക്സഡ് ടേം

എംപ്ലോയ്മെന്റ് എന്നാക്കി മാറ്റിയിരിക്കുന്നു. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ അധികാരങ്ങൾതന്നെ ഇല്ലായ്മ ചെയ്തിരിക്കുകയാണ്.

The Occupational Safety, Health and Working Conditions Code, 2020 പ്രകാരം എട്ട് മണിക്കൂർ ജോലി സമയം എന്നത് മാറ്റപ്പെടുകയും കാലാകാലങ്ങളിൽ സർക്കാരിന് തീരുമാനിക്കാം എന്ന വ്യവസ്ഥ വയ്ക്കുകയും ചെയ്തിരിക്കുന്നു. ഇത് പല സംസ്ഥാനങ്ങളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. നിലവിൽ തോട്ടം ഉടമകളുടെ ബാധ്യതയായ ഭവനം, കുടിവെള്ളം, ചികിത്സ, വിദ്യാഭ്യാസം, ശൗചാലയം എന്നിവ സർക്കാർ പദ്ധതിയിലുൾപ്പെടുത്തി നൽകിയാൽ മതിയെന്ന് ഈ കോഡ് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതുപ്രകാരം ഉടമകൾ ഉത്തരവാദിത്വത്തിൽ കൈയൊഴിയുന്നു. അപ്രന്റീസുകളെ എത്രകാലം വേണമെങ്കിലും ജോലി ചെയ്യിപ്പിക്കാം എന്ന വ്യവസ്ഥയും ഈ കോഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

The Code on Social Security, 2020 പ്രകാരം എല്ലാ ക്ഷേമ പദ്ധതികളും ഒഴിവാക്കി നാഷണൽ പെൻഷൻ സ്കീമിലേക്ക് തൊഴിലാളികളെയുൾപ്പെടുത്തുന്നു. ഇന്ന് 18 വയസ്സുള്ള തൊഴിലാളി 42 വർഷം ഓരോ മാസവും 156/- രൂപ വീതം അടച്ചാൽ അറുപതാമത്തെ വയസ്സിൽ 3,000/- രൂപ പെൻഷൻ ലഭിക്കുന്നതാണ് നാഷണൽ പെൻഷൻ സ്കീം. ഇത് മഹാതട്ടിപ്പാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. നിർബന്ധിത ഇ.എസ്.ഐ. പദ്ധതി ഒഴിവാക്കപ്പെടുന്നു. 21,000/- രൂപയ്ക്കുമുകളിൽ ശമ്പളമുള്ളവരെ ഇ.എസ്.ഐ.-യിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. അതുപോലെ 15,000/- രൂപയ്ക്കുമുകളിൽ ശമ്പളമുള്ളവരെ ഇ.പി.എഫ്.-ൽനിന്നും ഒഴിവാക്കിയിരിക്കുന്നു. സ്ഥിരം നിയമനം നിർത്തലാക്കുകവഴി ഗ്രാറ്റുവിറ്റി നിഷേധിക്കപ്പെടുന്നു. ഇത്തരത്തിൽ നാല് കോഡുകളും തീർത്തും തൊഴിലാളി വിരുദ്ധവും ഒരളവുവരെ മനുഷ്യത്വ രഹിതവുമാണ്. 'നിയമം' എന്ന വാക്ക് എടുത്തുകളയുകയും അതിനുപകരം 'കോഡ്' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ നാല് ലേബർ കോഡുകൾക്ക് ബദലുകൾ നിർദേശിക്കുന്നതിനായി എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തൊഴിൽ വകുപ്പും കിലെയും സംയുക്തമായി 2025 ഡിസംബർ 19-ന് ട്രേഡ് യൂണിയനുകളുടെ

ഒരു കോൺക്ലേവ് സംഘടിപ്പിച്ചു. കോൺക്ലേവിലെ സാങ്കേതിക സെഷനിൽ ഐ.എൻ.ടി.യു.സി. ഉൾപ്പെടെ എല്ലാവരുടെയും ഏകകണ്ഠമായി നിർദേശം പരിഗണിച്ച് ജസ്റ്റിസ് വി. ഗോപാല ഗൗഡ തലവനായ ഒരു വിദഗ്ധ സമിതിയെ എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ചു. 2026 മാർച്ച് 5-ന് ആ സമിതിയുടെ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് സമർപ്പിച്ചു. എന്നാൽ പത്ത് ദിവസങ്ങൾക്കുശേഷം മാർച്ച് 15-ന് സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നതോടുകൂടി ഈ ശിപാർശകളുടെ മേൽനടപടികളിലേക്ക് കടക്കാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞില്ല. ഈ നാല് ലേബർ കോഡുകളും തൊഴിലാളി വിരുദ്ധമായതിനാൽ കേരളത്തിൽ നടപ്പിലാക്കില്ലെന്ന് അന്ന് മുഖ്യമന്ത്രിയായിരുന്ന സഖാവ് പിണറായി വിജയൻ കോൺക്ലേവിൽ വച്ചുതന്നെ പറഞ്ഞു. ഈ സർക്കാരും ലേബർ കോഡിന്റെ കാര്യത്തിൽ അതേ നയം തുടരണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

2026 മേയ് 8-ന് നാല് ലേബർ കോഡുകളും നടപ്പിലാക്കിക്കൊണ്ട് കേന്ദ്ര സർക്കാർ ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിരിക്കുന്നു. ഇത് കേരളത്തിലെ തൊഴിലാളികളുടെയിടയിൽ വലിയ ആശങ്കയുണ്ടാക്കിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ജസ്റ്റിസ് വി. ഗോപാല ഗൗഡ തലവനായ വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന എങ്ങനെ ഇതിനെ മറികടക്കാമെന്നുള്ള നിർദേശങ്ങൾ പ്രസക്തമാണ്. നിലവിലുള്ള തൊഴിൽ നിയമങ്ങളുടെ ചട്ടക്കൂടിനുള്ളിൽ സംസ്ഥാനങ്ങൾക്ക് ലഭ്യമായ ഭരണഘടനാപരവും നിയമനിർമ്മാണപരവുമായ അധികാരങ്ങളെ സമിതി വിശദമായി പരിശോധിച്ചിട്ടുണ്ട്. നിലവിലുള്ള നിയമങ്ങൾ ചട്ടക്കൂടിനടിയിൽ മതിയായ സംരക്ഷണം ലഭിക്കാത്ത പ്രത്യേകിച്ച് ദുർബല വിഭാഗങ്ങളായ തൊഴിലാളികളെ സംരക്ഷിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള മൂന്ന് കരട് ബില്ലുകൾകൂടി സമിതി നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയിലെ ഏഴാം പട്ടികയിലെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്നതാണ് തൊഴിൽ. ഇതിൽ പാർലമെന്റിനൊപ്പം നിയമനിർമ്മാണം നടത്താനുള്ള അവകാശം സംസ്ഥാന നിയമസഭകൾക്കുണ്ടെന്ന് ഈ റിപ്പോർട്ടിൽ വിലയിരുത്തുന്നു. സോഷ്യൽ സെക്യൂരിറ്റി കോഡിന്റെ സെക്ഷൻ 161 പ്രകാരവും

ഹെൽത്ത് ആൻഡ് വർക്കിങ് കണ്ടീഷൻ കോഡിന്റെ സെക്ഷൻ 120 പ്രകാരവും ഇൻഡസ്ട്രിയൽ റിലേഷൻ കോഡിന്റെ സെക്ഷൻ 76 പ്രകാരവും തൊഴിലാളികൾക്ക് കൂടുതൽ അനുകൂലമായ അവകാശങ്ങളും ആനുകൂല്യങ്ങളും ലഭിക്കാൻ അർഹതയുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. അതിനാൽ ജസ്റ്റിസ് വി. ഗോപാല ഗൗഡ തലവനായ കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ അഭ്യർഥിക്കുന്നത്.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): സർ, രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് The Code on Wages, 2019, The Code on Social Security, 2020, The Industrial Relations Code, 2020, The Occupational Safety, Health and Working Conditions Code, 2020 എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി 2020-ൽ കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്, കേരള സർക്കാർ 14-12-2021-ൽ The Code on Wages, 2019-ലും 15-12-2021-ൽ The Occupational Safety, Health and Working Conditions Code, 2020, The Code on Social Security, 2020 എന്നിവയിലും 30-12-2021-ൽ The Industrial Relations Code, 2020-ലും കരട് റൂൾസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിനുശേഷം ബന്ധപ്പെട്ട കക്ഷികളിൽനിന്ന് അഭിപ്രായങ്ങളും നിർദേശങ്ങളും ലഭ്യമാക്കുന്നതിനുവേണ്ടി തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമ വിദഗ്ധർ എന്നിവരെയുൾപ്പെടുത്തി ചർച്ച ചെയ്യുന്നതിനായി സംസ്ഥാനതല ശില്പശാല 02-07-2022-ൽ തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ചിരുന്നു. കേന്ദ്ര സർക്കാർ പാസ്സാക്കിയ ലേബർ കോഡുകളെ കുറിച്ചുള്ള പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും തുടർന്നും ചർച്ച ചെയ്യുന്നതിനായി 19-12-2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുവച്ച് സർക്കാർ വിവിധ ട്രേഡ് യൂണിയനുകൾ, നിയമ വിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെയുൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിക്കുകയും പ്രസ്തുത കോൺക്ലേവിൽ ലേബർ

കോഡുകളെക്കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡുകൾമൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കുന്നതിനും അതിന് പരിഹാര മാർഗങ്ങൾ നിർദേശിക്കുന്നതിനുമായി കമ്മിറ്റി രൂപീകരിക്കാനും തീരുമാനിച്ചു. ആയതിൻപ്രകാരം 22-01-2026-ലെ 74/2026-ാം നമ്പർ ഉത്തരവുപ്രകാരം ജസ്റ്റിസ് വി. ഗോപാല ഗൗഡ ചെയർമാനായും വിദഗ്ധ അംഗങ്ങളെയുമുൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ഇതിനിടയിൽ 08-05-2026-ൽ കേന്ദ്ര സർക്കാർ ലേബർ കോഡിൽ അന്തിമ ചട്ടങ്ങൾ വിജ്ഞാപനം പുറപ്പെടുവിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 08-06-2026-ൽ കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി രാജ്യത്തെ മുഴുവൻ തൊഴിൽ വകുപ്പുമന്ത്രിമാരുടെയും യോഗം വിളിച്ച് അടിയന്തരമായും ലേബർ കോഡ് സംസ്ഥാനത്ത് നടപ്പിലാക്കണമെന്ന് നിർദേശിച്ചു. എന്നാൽ സംസ്ഥാന സർക്കാരിനുവേണ്ടി ട്രേഡ് യൂണിയനുകളുൾപ്പെടെ ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്തതിന് മാത്രമെ അത്തരം കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയു എന്ന് കമ്മിറ്റിയിൽതന്നെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് 11-06-2026-ൽ തിരുവനന്തപുരത്തുവച്ച് സംസ്ഥാനത്തെ എല്ലാ ട്രേഡ് യൂണിയനുകളുടെയും പ്രതിനിധികളുടെ യോഗം ചേർന്നു. ആ യോഗത്തിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടത്തുകയും എല്ലാ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി വിശദമായ ചർച്ചകൾ പൂർത്തിയായതിനുശേഷം മാത്രമെ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂവെന്നും ആയതിനാലൊരു ലേബർ ശില്പശാല സംഘടിപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു. പ്രസ്തുത ശില്പശാലയിൽ ലേബർ കോഡുമായി ബന്ധപ്പെട്ട് ജസ്റ്റിസ് വി. ഗോപാല ഗൗഡ കമ്മിറ്റി റിപ്പോർട്ട് വിശദമായി പരിശോധിക്കാനും അതിന്മേൽ ട്രേഡ് യൂണിയനുകളടക്കമുള്ള നിയമ വിദഗ്ധരുൾപ്പെടെയുള്ള മുഴുവൻ പേരുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും ലഭ്യമാക്കിയതിനുശേഷം മാത്രമെ കേരള ചട്ടങ്ങൾ രൂപീകരിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കുകയുള്ളൂവെന്നും തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, കേന്ദ്ര ഗവൺമെന്റിന്റെ ഈ നിയമങ്ങൾ ഇംപ്ലിമെന്റ് ചെയ്യില്ലെന്ന ഉറപ്പ് സഭയ്ക്ക് നൽകാൻ സാധിക്കുന്ന വിധത്തിലുള്ള നടപടികൾ

സ്വീകരിക്കണം. ആ രീതിയിലുള്ള ഉറപ്പ് അങ്ങയുടെ ഭാഗത്തുനിന്ന് ലഭിക്കുമോയെന്നാണ് എന്റെ രണ്ടാമത്തെ ചോദ്യം.

ശ്രീമതി ബിന്ദു കൃഷ്ണ: സർ, വിശദമായ ചർച്ചകൾക്കുശേഷം അതിൽ തീരുമാനം പറയാം.